"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 - സംസ്ഥാന ശുചിത്വ മിഷനിൽ ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റിനെ യോഗ്യത നിശ്ചയിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.881/2023/LSGD തീയതി,തിരുവനന്തപുരം, 13-04-2023

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/10/2022, 9/12/2022 ലെ 941/ഡി1/2021/എസ്.എം. നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 20/2023/തസ്വഭവ തീയതി 04/01/2023

ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷനിൽ ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റിനെ നിയമിക്കണമെന്ന് പരാമർശം (1) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ 1ന് ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന 2026 ഒക്ടോബർ 1 നുള്ളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ചുവടെ ചേർക്കും പ്രകാരം സംസ്ഥാന ശുചിത്വ മിഷനിൽ ഒരു ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റിനെ കരാർ അടിസ്ഥാനത്തിൽ വാർഷിക മൂല്യനിർണ്ണയത്തിനും കർത്തവ്യങ്ങളുടെ തൃപ്തികരമായ വാർഷിക പ്രകടനത്തിനും വിധേയമായി മൂന്ന് വർഷത്തേക്ക് നിയമിക്കുന്നതിന് യോഗ്യത നിശ്ചയിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

| Qualification | Experience | Upper Age Limit | Monthly consolidated salary |
|---|---|---|---|
| 1) Graduation in Journalism and Communication/ Fashion communication / Strategic communication /Design communication (PG Desirable qualification) from a recognised university/deemed university or statutory institution (as in NID, NIFT etc)<br><br>2) Graduation in any other | Minimum 5 years of experience in print/digital media in developing content or documentation activities of Project/Programmes etc.<br>Candidates should have:<br>• Excellent oral and | 45 | 60,000/- |

| | | | |
|---|---|---|---|
| communication based courses (PG Desirable qualification ) from a recognised university/deemed university or statutory institution (as in NID, NIFT etc)<br><br>3. Graduation in Malayalam / English (PG Desirable) from a recognised university/deemed university. | written communication skills in English and Malayalam.<br><br>• Proficiency in written and digital documentation of various activities.<br><br>• Expertise in content development. | | |

ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കുന്നതിന് Centre for Management Development (CMD) യെ ചുമതലപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണത്തിനാവശ്യമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റിനെ നിയമിക്കുന്നതിനും വേതനം നൽകുന്നതിനുമുള്ള ചെലവുകൾക്ക് തുക കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/142/2022/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 17-04-2023 11:10:01